പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3629 — 25.06.2013 ൽ മറുപടിക്ക്

## ട്രെയിനുകളിലെ പാൻട്രിവാനുകളിലെ ശുചിത്വമില്ലായ്മ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ: | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കേരളത്തിലെ പ്രധാന ട്രെയിനുകളിലെ പാൻട്രി വാനുകളിലെ ശുചിത്വമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ജനശതാബ്ദി എക്സ്പ്രസിലെ പാൻട്രിവാനിൽ ചായ ഉണ്ടാക്കുന്നതിനായി കക്കൂസിലെ പൈപ്പ് പൊട്ടിച്ച് വെള്ളം എടുത്ത് ഉപയോഗിക്കുന്നത് യാത്രക്കാർ കണ്ടുപിടിച്ചത് സംബന്ധിച്ച് വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | പാൻട്രി വാനിലെ ആവശ്യത്തിനുള്ള വെള്ളം തിളപ്പിക്കുന്നതും കക്കൂസിനകത്താണെന്ന പരാതി യാത്രാക്കാർ അറിയിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും | പരാതി ലഭിച്ചതനുസരിച്ച് ലൈസൻസിക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ലൈസൻസ് നല്കിയ ദക്ഷിണ റെയിൽവേ സോണൽ അധികാരികൾക്ക് തിരുവനന്തപുരം റെയിൽവേ ഡിവിഷൻ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാര്യം അടിയന്തരമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ